പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1532 | 31-01-2018-ലെ മറുപടിയ്ക്ക്

**ഭക്ഷ്യവിളകളിലെ ആളോഹരി ഉല്പാദന വർദ്ധനവ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.മുരളീധരൻ** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഭക്ഷ്യവിളകളിലെ ആളോഹരി ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | 2017-18 സാമ്പത്തിക വർഷത്തെ ഉൽപാദനത്തെ സംബന്ധിച്ച് അന്തിമ സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ല. |
| (ബി) | മുൻ വർഷങ്ങളെ അപേക്ഷിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യവിളകളിലെ ആളോഹരി ഉല്പാദന വർദ്ധനവ് ക്രമാതീതമായി കുറഞ്ഞിട്ടുണ്ട് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | ഇല്ല. |
| (സി) | ഭക്ഷ്യവിളകളിലെ ആളോഹരി ഉല്പാദന വർദ്ധനവിലേയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | പ്രധാന ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറി, ചെറുധാന്യങ്ങൾ, വാഴ എന്നീ വിളകളുടെ കൃഷിയും ഉത്പാദനവും വർദ്ധിപ്പിക്കുന്നതിനായി വിവിധ ഘടകങ്ങളോടുകൂടി നെൽകൃഷി വികസന പദ്ധതിയും പച്ചക്കറി വികസന പദ്ധതിയും നടപ്പിലാക്കി വരുന്നു. നടപ്പു സാമ്പത്തിക വർഷം നെൽകൃഷിക്കായി 70 കോടി രൂപയും, പച്ചക്കറി കൃഷിക്കായി 85 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**